(ബി) ഇതിലൂടെ എത്ര തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടും എന്നാണ് കണക്കാക്കുന്നത് ?

ഉത്തരം

(എ) 18-5-2006 മുതൽ 21-7-2010 വരെ സംസ്ഥാനത്ത് 875 വൻകിട കമ്പനികൾ ഉൾപ്പെടെ ആകെ 6947 കമ്പനികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) വ്യവസായ വാണിജ്യ ഡയറക്ടറുടെ ആഭിമുഖ്യത്തിലുള്ള വൻകിട പദ്ധതികൾ മുഖേന 2601 പേർക്ക് നേരിട്ടും, 1540 പേർക്ക് പരോക്ഷമായും തൊഴിൽ ലഭിച്ചു. പുതുതായി സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചതുമൂലം 1,64,335 പേർക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. നിക്ഷേപ തീരുമാനമെടുത്ത(പൂർത്തിയായവ -39, നിർമ്മാണഘട്ടത്തിലുള്ളവ-28) പദ്ധതികൾ എല്ലാം തന്നെ പൂർത്തിയാകുന്നതോടെ ഏകദേശം 18,000 പേർക്ക് നേരിട്ട് തൊഴിൽ നൽകാനാകും. കിൻഫ്രയുടെ വിവിധ വ്യവസായ പാർക്കുകളിൽ വന്ന വൻകിട നിക്ഷേപങ്ങൾ പൂർണ്ണതോതിൽ സജ്ജമാകുമ്പോൾ 28,075 പേർക്ക് തൊഴിലവസരങ്ങൾ ലഭ്യമാകും.

വിദേശ മലയാളികൾക്കുള്ള പ്രത്യേക പദ്ധതിയായി വ്യവസായ പാർക്കുകൾ

139 (6301) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദേശ മലയാളികൾക്കുള്ള പ്രത്യേക പദ്ധതിയായി വ്യവസായ പാർക്കുകൾ സംസ്ഥാനത്ത് ആരംഭിക്കുവാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രവാസി മലയാളിയുടെ വ്യവസായ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി പ്രവാസി മലയാളി വ്യവസായ സംരംഭകരുടെ ഒരു 'ഇൻവെസ്റ്റേഴ്സ്' മീറ്റ് വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ ഒറ്റപ്പാലത്ത് സംഘടിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) പ്രവാസികൾക്കായി പ്രത്യേക വ്യവസായ പാർക്ക് ആരംഭിക്കുന്ന കാര്യം കെ.എസ്.ഐ.ഡി.സി. പരിഗണിച്ച് വരികയാണ്.

(ബി) ഇക്കാര്യം പരിശോധിച്ച് യുക്തമായ തീരുമാനം എടുക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly